## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .1998

22.01.2014-ൽ മറുപടിക്ക്

## അജാനൂരിൽ മത്സ്യബന്ധന തുറമുഖം

ചോദ്യം | ഉത്തരം

| | ശ്രീ.ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂരിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള സർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് സർവ്വേ പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ ; | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി ഫീൽഡ് ഡാറ്റാ കളക്ഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടന്നു വരുന്നു. മാതൃകാപഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ട്. മാതൃകാപഠനം പൂർത്തീകരിച്ചാൽ മാത്രമേ പ്രാഥമിക അന്വേഷണ ഗവേഷണങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. മാതൃകാപഠനത്തിന് ശേഷം കടലിലെ ബോറിംഗ് പ്രവൃത്തി ആരംഭിക്കേണ്ടതായുണ്ട്. |
| (ബി) | എത്ര രൂപ സർവ്വേക്ക് ചെലവുവരുമെന്നും ഇതുവരെ എത്ര രൂപ ചെലവായി എന്നും അറിയിക്കാമോ ? | (ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ മത്സ്യബന്ധ തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾക്ക് 53 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതുവരെ 35,195/ രൂപ ചെലവായിട്ടുണ്ട്. മാതൃകാ പഠനത്തിന് 19,28,600/ രൂപ ചെലവ് വരും. മാതൃകാപഠനം നടത്തുന്നതിനായി 4 ലക്ഷം രൂപ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ, പൂനെയ്ക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ